# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 13

# വാർത്താക്കുറിപ്പ്

---

**എം.ടി.ടി.എം. പ്രോഗ്രാം; അപേക്ഷിക്കാം**

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നടത്തുന്ന ദ്വിവത്സര മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്‌മെന്റ് പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം. www.cat.mgu.ac.in എന്ന വെബ്‌സൈറ്റിലൂടെ ഏതു വിഷയത്തിലും ബിരുദം നേടിയവർക്കും അവസാന വർഷ വിദ്യാർഥികൾക്കും അപേക്ഷിക്കാം. അവസാന തീയതി മാർച്ച് 31. വിശദവിവരത്തിന് ഫോൺ: 0481-2732922.

(പി.ആർ.ഒ./39/496/2019)

**പ്രാക്ടിക്കൽ**

2019 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എസ്‌സി. ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 20 മുതൽ ഏപ്രിൽ മൂന്നു വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/497/2019)

**എം.ഫിൽ സംവരണ സീറ്റൊഴിവ്**

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ എം.ഫിൽ കോഴ്‌സിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ മാർച്ച് 15ന് ഉച്ചയ്ക്ക് ഒരു മണിക്ക് മുമ്പായി അനുബന്ധ രേഖകളുമായി പഠനവകുപ്പിൽ ഹാജരാകണം. എസ്.ടി. വിഭാഗത്തിൽപ്പെട്ടവർ ഇല്ലാത്തപക്ഷം എസ്.സി. വിഭാഗക്കാരെയും പരിഗണിക്കും. ഫോൺ: 0481-2732120.

(പി.ആർ.ഒ./39/498/2019)

**എം.കോം ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന**

ഒന്നാം സെമസ്റ്റർ എം.കോം (സി.എസ്.എസ്.) ഫെബ്രുവരി 2018 പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന മാർച്ച് 18, 19, 20 തീയതികളിൽ നടക്കും. അപേക്ഷകർ തിരിച്ചറിയൽ കാർഡ്/ഹാൾടിക്കറ്റ് എന്നിവ സഹിതം സിൽവർ ജൂബിലി പരീക്ഷാഭവനിലെ 226-ാം നമ്പർ മുറിയിൽ എത്തണം.

(പി.ആർ.ഒ./39/499/2019)

**പരീക്ഷഫലം**

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. സിറിയക് (റഗുലർ, ഇംപ്രൂവ്‌മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/500/2019)

2018 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എസ്.ഡബ്ല്യു, ബി.ടി.എസ്., ബി.എഫ്.ടി. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/501/2019)

2018 നവംബറിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടത്തിയ ആറാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം - 2006-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006ന് മുമ്പുള്ള അഡ്മിഷൻ മേഴ്‌സി

ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/502/2019)

## ചൈന-ഇന്ത്യ ബന്ധങ്ങൾ ചർച്ച ചെയ്യുന്ന രാജ്യാന്തര കോൺഫറൻസ് 15 മുതൽ എം.ജി.യിൽ

ചൈന-ഇന്ത്യ ബന്ധങ്ങളും വ്യാപാര യുദ്ധവും വെല്ലുവിളികളും ചൈനയുടെ ദക്ഷിണേഷ്യൻ നയങ്ങളും ചർച്ച ചെയ്യുന്ന രാജ്യാന്തര കോൺഫറൻസ് മാർച്ച് 15, 16 തീയതികളിൽ മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് സെമിനാർ ഹാളിലും സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിലുമായി നടക്കും.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടമ്പററി ചൈനീസ് സ്റ്റഡീസും സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസും സംയുക്തമായി കേരള സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ സഹകരണത്തോടെയാണ് 'എൻഗേജിംഗ് റൈസ് ഇൻ ചൈന; സ്ട്രാറ്റജിക് ഓപ്ഷൻസ് ഫോർ എമർജിംഗ് ഇന്ത്യ' എന്ന പേരിൽ രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിക്കുന്നത്. മാർച്ച് 15ന് രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. ഡയറക്ടർ ഡോ. എ.എം. തോമസ് അധ്യക്ഷത വഹിക്കും.

ജവഹർലാൽ നെഹ്റു സർവകലാശാലയിലെ സെന്റർ ഫോർ ഈസ്റ്റ് ഏഷ്യൻ സ്റ്റഡീസ് ചെയർമാൻ ഡോ. ശ്രീകാന്ത് കൊണ്ടപ്പള്ളി മുഖ്യ പ്രഭാഷണം നടത്തും. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ, കോപ്പൻഹേഗൻ സർവകലാശാലയിലെ ചൈന സെക്യൂരിറ്റി സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. ബെർട്ടൽ ഹ്യൂർലിൻ, സൺയാത് സെൻ സർവകലാശാലയിലെ ഡോ. ഹ്യൂവാങ് യിങ്ഹോംഗ് എന്നിവർ പ്രഭാഷണം നടത്തും. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടംപററി ചൈനീസ് സ്റ്റഡീസ് ഡയറക്ടർ ഡോ. സി. വിനോദൻ, കെ.എസ്. ഗോകുൽ എന്നിവർ പങ്കെടുക്കും.

ഡോ. ബാമ ദേവ് സിഗ്ഡൽ (നേപ്പാൾ), ലിയാങ് മെങ് (ചൈന), കംല കുമാരി (ജെ.എൻ.യു.), പ്രകാശ് രാജ് (ഹൈദരാബാദ് സർവകലാശാല), ഷിയാവോഷാവോ ഷു (ചൈന), കുഷ്കുമാർ ഗയാസെൻ (ഡൽഹി യൂണിവേഴ്സിറ്റി), പങ്കജ് ഝാ (ചൈന), കേണൽ വീരേന്ദ്ര സഹായി വെർമ (ഐ.സി.എസ്. ന്യൂഡൽഹി), അനിൽകുമാർ (ചൈന), രാജീവ് രഞ്ജൻ (ഷാങ്ഹായ് സർവകലാശാല), വിവേക് മിശ്ര (എൻ.ഐ.എ.എസ്., കൊൽക്കത്ത), രാജീവ് ഗുപ്ത (മുംബൈ യൂണിവേഴ്സിറ്റി), നിഷാന്ത് ഭരദ്വാജ് (ഡൽഹി യൂണിവേഴ്സിറ്റി), മുരളീധരൻ നായർ (ചൈനയിലെ മുൻ ഇന്ത്യൻ കൗൺസൽ) എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും. മാർച്ച് 16ന് ഉച്ചയ്ക്ക് രണ്ടിന് ജവഹർലാൽ നെഹ്റു സർവകലാശാലയിലെ പ്രൊഫ. സ്വരൺ സിംഗ് സമാപന പ്രഭാഷണം നടത്തും.

(പി.ആർ.ഒ./39/503/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ